കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

E-mail: dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# ഒറ്റപ്പാലം ബ്ലോക്ക്പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
## 2017-18

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പികെഡി8/1045/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: 04.09.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**ഒറ്റപ്പാലം ബ്ലോക്ക്** പഞ്ചായത്ത്

സർ,

വിഷയം : **ഒറ്റപ്പാലം ബ്ലോക്ക്** പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ഒറ്റപ്പാലം ബ്ലോക്ക്** പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസി. ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി8/1045/19 തിയ്യതി: 04.09.2019

**പാലക്കാട് ജില്ലയില ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ **ഒറ്റപ്പാലം ബ്ലോക്ക്** പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.2018 മുതൽ 25.04.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ വാസുദേവൻ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.04-2019 മുതൽ 04.05-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ. പ്രേമാനന്ദ് എസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| കെ.പി.രാമകൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ജിജീഷ്.എ.കെ | ഓഡിറ്റർ |
| കൃഷ്ണദാസ് എൻ വി | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എസ്.ശിവരാമൻ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.നിബു.ടി. കുര്യൻ | 1-4-2017 മുതൽ 25.8.2017 വരെ |
| | ശ്രീ.കെ.മൊയ്തുകുട്ടി (അഡീ. ചാർജ്ജ്) | 26-08-2017 മുതൽ 18.09.2017വരെ |
| | ശ്രീമതി.മിനി.പി.എസ്. ജോ.ബി.ഡി.ഒ. (ഇൻചാർജ്ജ്) | 19.09.2017മുതൽ 17.01.2018 വരെ |
| | ശ്രീ. ഷാജി മുൻസിപ്പൽ എഞ്ചിനീയർ | 18.1.2018 മുതൽ 31.03.2018 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | ശ്രീമതി.ഉഷാകുമാരി വി.വി. | 1-4-2017മുതൽ |

| | | |
|---|---|---|
| | | 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ- CHC ചളവറ | ഡോ.ധനീഷ്.പി.പി. | 1.4.17 മുതൽ 31.3.18 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ സതീശൻ. ഒ. | 1-4-2017മുതൽ 11-03-18 വരെ |
| | ശ്രീ. പ്രദീപ്. പി. | 12.03-2018മുതൽ 31.03-2018 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | ശ്രീ.ആശാനാഥ്.എ.സി | 1-4-2017മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ. സുഭാഷ്.എം.കെ. | 1-4-2017മുതൽ 31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രശ്മി.കെ.ജി. | 1-4-2017മുതൽ 31-3-2018 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ജോണി. ടി.ടി. | 1-4-2017മുതൽ 31-3-2018 വരെ |

## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ്

21-3-2017 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2017 | 30-05-2018 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 06/07/2018 മുതൽ 07/07/2018 | നം.കെ.എസ്.എ-പികെഡി.21/1905(7) /2018 തിയതി:29-8-2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40503077 |
| വരവ് | 109618594 |
| ആകെ | 150121671 |
| ചെലവ് | 117775704 |
| നീക്കിയിരിപ്പ് | 32345967 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 40776627 | 40776627 | 38084991 | 2691636 |
| വികസനഫണ്ട് എസ്.സി.പി(എ.സി. ആർ പ്രകാരം) | 0 | 28259700 | 28259700 | 25662999 | 2596701 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 8000 | 8000 | 8000 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 5194000 | 5194000 | 4782822 | 411178 |
| പി എം എ വൈ/ ഐ എ വൈ പ്ലാൻ ഫണ്ട് | 24283647 | 7015257 | 31298904 | 6587486 | 24711418 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7206953 | 7621534 | 14858487 | 13430455** | 1428032 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ട്രഷറി | 0 | 7066379 | 7066379 | 3857166* | -1185916 |
| ഹരിയാലി | 139392 | 5278 | 144670 | 0 | 144670 |
| ബി ആർ ജി എഫ് PNB-114188 | 491704 | 4409349 | 4901053 | 4704910 | 196143 |
| ബാങ്ക്-മറ്റുള്ളവ-1 (സാക്ഷരത) PNB 112074 | 38517 | 1458 | 39975 | 0 | 39975 |
| ശുചിത്വ മിഷൻ | 3034673 | 127180 | 3191132 | 45640 | 3145492 |
| ഐ എ വൈ KGB-1649 | 27434647 | 17117652 | 44552299 | 19840881 | 24711418 |
| ഐ എ വൈ അഡ്മിൻ | 13 | 4 | 17 | 0 | 17 |
| എസ് ജി എസ് വൈ | 17026 | 0 | 17026 | 6521 | 10505 |
| പി എം എ വൈ UBI -6267 | 2108592 | 6730039 | 8838631 | 4983000 | 3855631 |

* ജി ഓ (പി) നം 51/18/ഫിൻ തീ.28.03.2018 ലെ ഉത്തരവു പ്രകാരം 4395129/- രൂപ സർക്കാർ തിരികെ എടുത്തിട്ടുണ്ട്.

** ജി ഓ (പി) നം 51/18/ഫിൻ തീ.28.03.2018 ലെ ഉത്തരവു പ്രകാരം 688590/- രൂപ സർക്കാർ തിരികെ എടുത്തിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 127 | 132429226 | 109 | 68655332 | | 18 | 86 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 109 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 52% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | 2 | 2 | 1400000 | 614900 | 44 |
| മെഡിക്കൽ ഓഫീസർ- CHC അമ്പലപ്പാറ | 5 | 5 | 1800000 | 1626686 | 90 |
| സെക്രട്ടറി | 18 | 17 | 35321262 | 21875444 | 62 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 2750000 | 0 | 0 |
| മെഡിക്കൽ ഓഫീസർ- CHC ചളവറ | | | | | |
| പട്ടികജാതി വികസന ഓഫീസർ | 1 | 1 | 1000000 | 1000000 | 100 |
| അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | 2 | 2 | 26298000 | 6217500 | 24 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 97 | 81 | 62659964 | 36120802 | 58 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1200000 | 1200000 | 100 |
| ആകെ | 127 | 109 | 132429226 | 68655332 | 52 |

# 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

# 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

# 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.04-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക ഒന്നുമില്ലെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. **ഇന്റേർണൽ ഓഡിറ്റിന്റെ** ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് **ബഡ്ജറ്റ്** തയ്യാറാക്കി ഭരണസമിതി ചർച്ചചെയ്ത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്. ഇതിനായി സോഫ്റ്റ്‌വേർ സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

**അക്കൗണ്ടിങ്ങ് റൂൾസ്** പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല. ഫയർ എക്സ്റ്റിംഗ്യൂഷർ 5 എണ്ണം സ്ഥാപിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാനുവലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ട്രാൻസ്ഫർ ക്രെഡിറ്റ് ആയിട്ടാണ് നൽകുന്നത്. ഇലക്ട്രിസിറ്റി ചാർജ്ജും ടെലഫോൺ ചാർജ്ജും ചെക്ക് മുഖേന പിൻവലിച്ച് അടവാക്കുന്നുണ്ട്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ് പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. **എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്.** വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി മാത്രമാണ് ഒപ്പ് വെച്ച് ആധികാരികമാക്കുന്നത്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

**സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ** സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. എന്നാൽ ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

**വാഹനങ്ങളുടെ ഉപയോഗം** സർക്കാർ മാർഗ നിർദ്ദേശപ്രകാരം ക്രമീകരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

**സർവ്വീസ് ബുക്കുകളും,** ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി **ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.** 2017-18 വരെയുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനവും ഇല്ല. എന്നാൽ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

**പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്.** സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി ഉപയോഗപ്പെടുത്തി ഗ്രാമത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | വകയിരുത്തിയത് | ചെലവ് | ശതമാനം |
|---|---|---|---|
| പ്ലാൻ (ജനറൽ) | 53102795 | 38084991 | 71.71 |
| പ്ലാൻ (എസ്.സി.പി) | 35009813 | 25662999 | 73.30 |
| പ്ലാൻ | 8000 | 8000 | 100 |

| | | | |
|---|---|---|---|
| (ടി.എസ്.പി) | | | |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 7955301 | 4782822 | 60.12 |

സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ അതാതു വർഷം തന്നെ പൂർണ്ണമായും വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം</u>

2017-18 വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് 13.02.2017ൽ ആസൂത്രണ സമിതി ചേർന്നിരുന്നു. 12 അംഗങ്ങളിൽ 9 പേർ യോഗത്തിൽ പങ്കെടുത്തു. മിനട്ട്സ് ബുക്കിൽ തീരുമാനങ്ങളോ മറ്റെന്തെങ്കിലുമോ രേഖപ്പെടുത്തിയിട്ടില്ല.

16.02.2017ന് 12 വർക്കിങ്ങ് ഗ്രൂപ്പുകളുടെയും യോഗം നടന്നു. ആകെ പങ്കെടുത്തത് 49 പേരാണ്. ഇവർ ഒന്നിച്ചുള്ള യോഗത്തിന് ശേഷം 12 വർക്കിംഗ് ഗ്രൂപ്പുകളായി ചേർന്ന് യോഗം ചേർന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പുകളിലും 2ഉം, 3ഉം അംഗങ്ങളാണ് പങ്കെടുത്തത്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തതായി മിനട്സ് ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നില്ല. 28.04.2017ന് ചേർന്ന വികസന സെമിനാറിൽ 127 പേർ പങ്കെടുക്കുകയും 2017-18ൽ 74 പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി ആസൂത്രണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതും ആണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20.02.2019 മുതൽ 26.02.2019 വരെ | 2017-18 | 26.03.2019 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.05.14 മുതൽ 02.06.14 വരെ | 2009-10 മുതൽ 2013-14 വരെ | 15.07.14 |

# 1-12 വാർഷിക കണക്കുകകളിലെ അപാകതകൾ

(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

ഒന്നുമില്ല.

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 ഇ-ടെണ്ടർ - ടെണ്ടർ ഫോം വില തനത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തുന്ന ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫോം വിലയിനത്തിൽ ലഭ്യമായ രൂ:2,48,653/-, ഇ-ടെണ്ടർ ഫോം വില സ്വീകരിക്കുന്നതിനായി AEEയുടെ പേരിൽ SBI ഒറ്റപ്പാലം ബ്രാഞ്ചിലുള്ള 3724498835 നമ്പർ കറണ്ട് ആക്കൗണ്ടിൽ 12.03.2019ന് നീക്കിയിരിപ്പുണ്ട്.
ഓഡിറ്റ് എൻക്വയറി 5/02.05.2019ന് മറുപടിയായി 2014-15 മുതൽ 2017-18 വരെയുള്ള കാലയളവിലെ ഫോം വിലയായി 607492 രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ 401310 രൂപ തനത് ഫണ്ടിലേക്ക് 13.11.18 ന് കൈമാറിയിട്ടുണ്ട് എന്നും 2016-17 & 2017-18 ലെ തുകയിൽ വ്യക്തത ഇല്ലാത്തതിനാലാണ് ബാലൻസ് തുക ട്രാൻസ്ഫർ ചെയ്യാതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ടെണ്ടർഫോം വിലയായ 38500 രൂപ ഉടൻ സെക്രട്ടറിക്ക് കൈമാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാകേണ്ട തുക ബ്ലോക്ക് പഞ്ചായത്തിന്റെ ടെണ്ടർ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ കൃത്യമായി

കണക്കാക്കി തിരികെ ലഭ്യമാക്കേണ്ടതും ടെണ്ടർ ഫോം വിലയിനത്തിലെ തുക പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്ത് തനതു ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒറ്റപ്പാലം ബ്ലോക്ക് പരിധിയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2017-18 വർഷത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിലൂടെ സ്കോളർഷിപ്പിന് അർഹതയുള്ള ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതിയിലെ ഗുണഭോക്താക്കളായ 44 വിദ്യാർത്ഥികൾക്കും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ലാതെയാണ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളതെന്നും, സബ്സിഡി മാർഗ്ഗരേഖയിൽ പറഞ്ഞതിലും കുറഞ്ഞ നിരക്കിൽ ആനുകൂല്യം നൽകിയിട്ടുള്ളതായും ഓഡിറ്റിൽ കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം/ പേര് - 54/2017-18, ബ്ലോക്ക് പരിധിയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ - 1000000/-

ചെലവ് - 1000000/-

ബിൽ നം, തിയതി, തുക -

1/06.01.2018, 145000/- രൂപ.

2/20.02.2018, 830000/-രൂപ.

3/28.03.2018, 25000/- രൂപ

<u>എ) ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്</u>

ആനുകൂല്യം നൽകുന്ന ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഗുണഭോക്തൃ ലിസ്റ്റ്- ഗ്രാമസഭയും, ഭരണസമിതിയും അംഗീകരിച്ചുകൊണ്ടുള്ള തീരുമാനസഹിതം ലഭിച്ചിരിക്കേണ്ടതും, പ്രസ്തുത ഗുണഭോക്താക്കൾക്കാവണം പദ്ധതി ആനുകൂല്യം ലഭ്യമാകേണ്ടതും. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്കാണോ ആനുകൂല്യം നൽകിയത് എന്ന് ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

<u>ബി) സാക്ഷ്യപത്രമില്ലാതെ സ്കോളർഷിപ്പ് അനുവദിച്ചു</u>

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം. 80/2017/തസ്വഭവ. തി. 03.04.2017 ഖണ്ഡിക 11.8 പ്രകാരം ഒരാൾ ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹരല്ല എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ സ്കോളർഷിപ്പ് ലഭിച്ച 44 വിദ്യാർത്ഥികളും പട്ടികജാതി വകുപ്പിൽ നിന്നും തൻവർഷം ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. ആയതിൽ 7 ഗുണഭോക്താക്കൾ ജില്ലാ-ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കാതെ ആനുകൂല്യം നേടിയിട്ടുള്ളവരാണ്. ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കാതെ സ്കോളർഷിപ്പ് നൽകിയ വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കാതെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം</u>

| ക്രമ നം | പേര്, മേൽവിലാസം | പഠിക്കുന്ന കോഴ്സ് | സ്കോളർഷിപ്പ് തുക (രൂപ) |
|---|---|---|---|
| 1 | ശരണ്യ. എ, അണ്ടാളിൽ വീട്, പോമ്പിലായ, നെല്ലായ | ബി- ടെക് | 20000 |
| 2 | റിനി. കെ, കോളംകുന്നത്ത് വീട്, വാണിയംകുളം | ബി- ടെക് | 20000 |
| 3 | അഞ്ജിത എ. പി, മുണ്ടനാട്ടുപടി, | ബി- ടെക് | 20000 |

| | | | |
|---|---|---|---|
| | ചോറോട്ടൂർ, വാണിയംകുളം | | |
| 4 | ധന്യ. ടി, മുല്ലക്കൽ വീട്, കൊതയൂർ, വാണിയംകുളം | ബി. എഡ് | 15000 |
| 5 | ശ്രീജിത്ത് ശങ്കർ. കെ.പി, കൊട്ടിലിങ്കൽപടി വീട്, അമ്പലപ്പാറ, ഒറ്റപ്പാലം | ബി- ആർക്ക് | 20000 |
| 6 | സരിത. കെ.ആർ, കുളങ്ങരപ്പടി വീട്, ചുനങ്ങാട്, ഒറ്റപ്പാലം | എം.എസ്.സി- ജീനോം സയൻസ് | 30000 |
| 7 | ശ്രീന. കെ, കുളങ്കരകുന്നത്ത് വീട്, മയിലുംപുറം, തോട്ടങ്കര, ഒറ്റപ്പാലം | എം.എസ്.സി- നഴ്സിംഗ് | 25000 |
| ആകെ | | | 150000 |

<u>സി) .സബ്സിഡി മാർഗ്ഗരേഖയിൽ പറഞ്ഞതിലും കുറഞ്ഞ നിരക്കിൽ തുക അനുവദിച്ചു.</u>

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം. 80/2017/തസ്വഭവ. തി. 03.04.2017 ഖണ്ഡിക 11.8 ഉപഖണ്ഡിക 2 പ്രകാരം ബിരുദാനന്തര ബിരുദം/ ഗവേഷണ കോഴ്സുകളിൽ പഠനം നടത്തിവരുന്ന വിദ്യാർത്ഥിക്ക് എല്ലാ അക്കാദമിക വർഷത്തിലും സ്കോളർഷിപ്പായി 30000 രൂപ നൽകേണ്ടതാണ് എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ചുവടെ ചേർക്കുന്ന വിദ്യാർത്ഥിക്ക് 25000 രൂപ മാത്രമാണ് അനുവദിച്ചത്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് അനുസരണമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാവുന്ന പരമാവധി സഹായം അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | പേര്, മേൽവിലാസം | പഠിക്കുന്ന കോഴ്സ് | സ്കോളർഷിപ്പ് തുക. (രൂപ) |
|---|---|---|---|
| 1 | ശ്രീന. കെ, കുളങ്കരകുന്നത്ത് വീട്, മയിലുംപുറം, തോട്ടങ്കര, ഒറ്റപ്പാലം | എം.എസ്.സി- നഴ്സിംഗ് | 25000 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/03.05.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-2 വ്യവസായ വികസന മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 (1) നാലാം പട്ടിക പ്രകാരം ചെറുകിട വ്യവസായ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് ചുമതലകൾ നടപ്പിലാക്കാനുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയാണവ. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിൽ മേൽ പറഞ്ഞ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ഉണ്ടായിട്ടും പ്രസ്തുത മേഖലയിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ വനിതാ വ്യവസായ സംരംഭകർക്ക് റിവോൾവിംഗ് ഫണ്ട് എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല. പദ്ധതി നടപ്പാക്കാത്തത് സംബന്ധിച്ച് കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 3-6) പരാമർശമുണ്ടായിയിരുന്നിട്ടും 2017-18 വർഷത്തിൽ പ്രൊജക്ടുകൾ നടപ്പാക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം നം. 01/29.04.2019) ഗുണഭോക്താക്കൾ മതിയായ രേഖകൾ ഹാജരാക്കാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യവസായ മേഖലയിൽ പ്രായോഗികമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-3 മുക്കിലാവിൽപടി കിഴക്കേപ്പാട്ടുതൊടി കോളനി കുടിവെള്ള പദ്ധതി-വല്ലപ്പുഴ പ്രദർശന ബോർഡ് സ്ഥാപിച്ചിട്ടില്ല

വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലെ മുക്കിലാവിൽപടി കിഴക്കേപ്പാട്ടുതൊടി കോളനി പ്രദേശത്ത് 2016-17 വർഷത്തിൽ ഒന്നാം ഘട്ടമായി

ചെയ്ത കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി വൈദ്യുത കണക്ഷൻ ലഭ്യമാക്കി ,5000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിൽ വെള്ളം സംഭരിച്ച് 915 മീറ്റർ പൈപ്പ് ലൈൻ മുഖാന്തിരം ഗുണഭോക്താക്കൾക്ക് വെള്ളം എത്തിക്കുന്നതിനാണ് പ്രൊജക്റ്റ് വിഭാവനം ചെയ്തിരുന്നത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 34/18 മുക്കിലാവിൽപടി കിഴക്കേപ്പാട്ടുതൊടി കോളനി കുടിവെള്ള പദ്ധതി-വല്ലപ്പുഴ |
| അടങ്കൽ | 500000 (വികസന ഫണ്ട്- എസ് സി പി) |
| സാങ്കേതികാനുമതി | LSGD/TS/2017-18/78453 dt.01.08.2017 |
| കരാറുകാരൻ | കെ രാമകൃഷ്ണൻ |
| കരാർ നം | 22/17-18/AEE/LSGD/OTP/T/dt 28.09.2017 |
| പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി | 27.03.2018 |
| ബിൽ നം.തിയ്യതി | 1) 81/18 തീ 24.02.2018 തുക-390698<br>2) 91/18 തീ 15.03.2018 തുക-6650<br>ആകെ -397348 |
| എം ബുക്ക് നം | 86/17-18 |

പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയ നെയിം ബോർഡ് സ്ഥാപിക്കുന്നതിന് തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കരാറുകാരനുമായി വെച്ച ഉടമ്പടിയിലെ ഖ.26 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിക്കുന്ന മാതൃകയിൽ പ്രവൃത്തിയെ സംബന്ധിക്കുന്ന എല്ലാ സാങ്കേതിക,സാമ്പത്തിക കാര്യങ്ങളും ഉൾപ്പെടുന്ന നോട്ടീസ് ബോർഡ് പ്രവൃത്തി ആരംഭിക്കുന്ന തിയ്യതി മുതൽ പ്രവൃത്തി പൂർത്തിയാക്കിയ ശേഷവും സ്ഥിരമായി നിലനിൽക്കത്തക്ക രീതിയിൽ പ്രദർശിപ്പിക്കുന്നതിന് കരാറുകാരന് ബാധ്യതയുണ്ടെന്നും അങ്ങിനെയുള്ള നോട്ടീസ് ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷമേ തുക നൽകുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എം ബുക്ക്, ഫൈനൽ ബിൽ എന്നിവ പരിശോധിച്ചതിൽ നോട്ടീസ് ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല.നോട്ടീസ് ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/02.02.2019) കരാറുകാരൻ ബോർഡ് സ്ഥാപിക്കാത്തതിനാൽ തുക അനുവദിച്ചിട്ടില്ലെന്നും ഭാവിയിൽ ഇത്തരം ന്യൂനതകൾ കൂടാതെ പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

# 3-4 വിവിധ ഭവന നിർമ്മാണ പദ്ധതികൾ-അവലോകനം

2017-18 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതിക്കായി 2,31,88,097/- രൂപയും പി എം എ വൈ പദ്ധതിക്കായി 15,41,000/- രൂപയും ചെലവാക്കിയിട്ടുണ്ട്. ലൈഫ് പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 59 വീടുകൾ പൂർത്തീകരിക്കാനുണ്ട്. പദ്ധതികളിലെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1.<u>ലൈഫ് ഭവന പദ്ധതി</u>**

1. ലൈഫ് പദ്ധതി പ്രകാരം പൂർത്തിയാക്കേണ്ട ആകെ വീടുകളുടെ എണ്ണം - 107
2. 2017-18 സാമ്പത്തിക വർഷവസാനം വരെ പൂർത്തിയാക്കിയ വീടുകളുടെ എണ്ണം - 48

100. പൂർത്തിയാക്കാൻ ബാക്കിയുള്ള വീടുകളുടെ എണ്ണം - 59
101.

**2.<u>പി.എം.എ.വൈ</u>**

**<u>2016-17</u>**

1. പി എം എ വൈ പദ്ധതി പ്രകാരം പൂർത്തിയാക്കേണ്ട ആകെ വീടുകളുടെ എണ്ണം - 59
2. 2017-18 സാമ്പത്തിക വർഷവസാനം വരെ പൂർത്തിയാക്കിയ വീടുകളുടെ എണ്ണം -52

100. പൂർത്തിയാക്കാൻ ബാക്കിയുള്ള വീടുകളുടെ എണ്ണം - 7

**<u>2017-18</u>**

1. പദ്ധതി പ്രകാരം പൂർത്തിയാക്കേണ്ട ആകെ വീടുകളുടെ എണ്ണം - 8
2. 2017-18 വർഷവസാനം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം -4
3. പൂർത്തിയാക്കാൻ ബാക്കിയുള്ള വീടുകളുടെ എണ്ണം - 4

# 3-5 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുക്കുകയും വിവിധ സ്ഥാപനങ്ങളിലേക്ക് പണം കൈമാറുകയും ചെയ്തിട്ടുള്ള താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ പേര് | സ്ഥാപനം | തുക | ബിൽ നം, തിയ്യതി |
|---|---|---|---|---|
| 1 | 59/17-18, ചളവറ ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണത്തിനുള്ള ബ്ലോക്ക് വിഹിതം | ചളവറ ഗ്രാമപഞ്ചായത്ത് | 20,37,000/- | 21/17-18 19.02.2018 |
| 2 | 58/17-18, അനങ്ങനടി ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനുള്ള ബ്ലോക്ക് വിഹിതം | അനങ്ങനടി ഗ്രാമപഞ്ചായത്ത് | 20,41,100/- | 16/17-18 12.01.2018 |
| 3 | 132/17-18, കുറത്തിപ്പാറ വരണമംഗലം ശുദ്ധജല പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 6,50,000/- | 44/17-18 28.03.2018 |

ടി പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് 2.5.19 ലെ ഓഡിറ്റ് അന്വേഷണം 2 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

# 3-6 പകൽ വീട് നിർമ്മാണം - പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട് നം.16/18:പകൽ വീട് നിർമ്മാണം- തൃക്കടേരി ഗ്രാമപഞ്ചായത്ത്

അടങ്കൽ -17,28,400/-(പ്ലാൻ ജനറൽ)

ചെലവ് - ബിൽ നം.106/24.3.18 -.5,81,506/

കരാറുകാരൻ -ശ്രീ.സുജിത്ത്.എം.

എന്ന പദ്ധതിക്കായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ രൂ:17,28,400/-ൽ ₹5,81,506/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 21.03.18 വരെ നടത്തിയ പ്രവൃത്തികളെ അടിസ്ഥാനമാക്കിയാണ് ഈ തുക നൽകിയത്. ഇതിൻമേൽ 13.06.18വരെ തുടർ പ്രവർത്തനങ്ങൾ നടന്നതായി അളവു പുസ്തകം പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. അതിനു ശേഷം പ്രവൃത്തികളൊന്നും തന്നെ നടത്തിയതായി കാണുന്നില്ല. പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ റിപ്പോർട്ടുചെയ്യുന്നതോടൊപ്പം കരാർ പ്രകാരം 30.12.18ന് പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി നിർത്തിവെക്കാനുണ്ടായ സാഹചര്യവും വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(6/ . 19) നുള്ള മറുപടിയിൽ 85% പ്രവർത്തിയും പൂർത്തിയായതായും കെട്ടിട നിർമ്മാണത്തിൽ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ അധീനതയിലുള്ള ഭൂമി ഉൾപ്പെട്ടതിനാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലവും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള സമ്മതപത്രവും ലഭ്യമായശേഷം മാത്രമാണ് കെട്ടിടനിർമ്മാണത്തിനുള്ള പദ്ധതി ആരംഭിക്കേണ്ടിയിരുന്നത്. നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മാണം ആരംഭിച്ചതിനാലാണ് കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ വന്നത്.പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-7 ചളവറ പി.എച്ച്.സി. നവീകരണ പ്രവൃത്തികൾ - നിർദ്ദേശങ്ങൾ

പ്രൊജക്ട് നം.50/18: ചളവറ പി.എച്ച്.സി. നവീകരണ പ്രവൃത്തികൾ എന്ന പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് {നം.6(2)/03.05.2019} അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 4.5.19ന് മറുപടി സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

a. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ആ സ്ഥാനത്തിന്റെ മേധാവിയുമായി ആശയവിനിമയം നടത്തിയതിന് ശേഷം സ്ഥാപനത്തിലെ ജീവനക്കാരുടെയും ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെയും നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചായിരിക്കണം.

b. ജി.ഒ.(എം.എസ് )നം.72/2017/തസ്വഭവ , തീയതി: 29-03-2017 ഖണ്ഡിക 6.6 (4) പ്രകാരം കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംങ്ങ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒരു പ്രൊജക്ട് തയ്യാറാകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ ഇനങ്ങളൊന്നും തന്നെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. വെയ്റ്റിങ്ങ് ഏരിയയുടെ സ്ട്രക്ചർ മാത്രം ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തിയത്. ഇതിന്റെ മേൽക്കൂര മറ്റൊരു പ്രൊജക്ടിൽ ഉൾപ്പെടുത്തി 2018-19ൽ നിർമ്മാണം നടത്തുകയാണ്. 2016-17ൽ ആവിഷ്കരിച്ച് സ്പിൽ ഓവർ പ്രവൃത്തിയായി ₹.1000,000/- റോഡിതര മെയിന്റൻസ് ഫണ്ടിൽ നിന്നും വകയിരുത്തിയ പ്രൊജക്ടിനായി ₹.560,297/- (ബിൽ നം.115/27.03.18) ചെലവഴിച്ചിട്ടുണ്ട്. ആശുപത്രിയുടെ മുഴുവൻ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിക്കാത്തതിനാൽ 2018-19ലും, 2019-20ലും നിർമ്മാണ പ്രവൃത്തികൾ തുടർന്നുവരികയാണ്. കെട്ടിട നിർമ്മാണ പ്രൊജക്ട് രൂപീകരിക്കുമ്പോൾ ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി സമഗ്രമായ ഒരു എസ്റ്റിമേറ്റ് ഉണ്ടാക്കുകയും ഫണ്ടിന്റെ അഭാവമുണ്ടെങ്കിൽ ബഹുവർഷ പ്രൊജക്ടായി നിർമ്മാണം നടത്താവുന്നതുമാണ്. നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ 1997ലെ കേരള പഞ്ചായത്ത് രാജ് (മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, പദ്ധതി മാർഗരേഖ, സർക്കാർ ഉത്തരവുകൾ ഇവ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 16015664 | പി എം എവൈ | 12146007 | 3869657 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 3809257 | ഐ എ വൈ | 1372000 | 2437257 |
| ഗ്രാമ പഞ്ചായത്ത് | 2017-18 | 4689379 | ഐ എ വൈ | 8073791 | -3384412 |
| ഗ്രാമ പഞ്ചായത്ത് | 2017-18 | 2235000 | പി എം എവൈ | 1435000 | 800000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം തീ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കുറത്തിപ്പാറ വരണമംഗലം പൈപ്പ് ലൈൻ നീട്ടൽ-നെല്ലായ | 44/18 തീ. 28.03.18 | 650000 | 0 | 650000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 1800 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും | രസീതി നം. / തിയതി |
|---|---|---|---|---|
| 2003-04 | 3(1) | 1800 | ശ്രീ.മണികണ്ഠൻ കരാറുകാരൻ | 9056/ 24.08.2017 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96 മുതൽ1997-98 വരെ | 19 | 1999-2000 | iv(b) | പേ വിഷ നിയന്ത്രണ പദ്ധതി -അനാവശ്യ ചെലവ് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ 30.03.2003 ന് വിരമിക്കുകയും ലഭ്യമായ മേൽവിലാസത്തിൽ നൽകിയ കത്തുകൾ മടങ്ങി വരുകയും ചെയ്തു നിലവിൽ വിദേശത്തായതിനാൽ 25607 /- രൂപ ഈടാക്കിയിട്ടില്ല. ഖണ്ഡിക നിലനിൽക്കുന്നു |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 150121671 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 117775704 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഒന്നുമില്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 | എൽ.എഫ്.പി(8).843/08/11.11.11 | മുഴുവൻ |
| 1996-97 | എൽ.എഫ്.പി(8).843/08/11.11.11 | മുഴുവൻ |
| 1997-98 | എൽ.എഫ്.പി(8).843/08/11.11.11 | മുഴുവൻ |
| 1998-99 | എൽ.എഫ്.പി(8).960/12/27.2.12 | മുഴുവൻ |
| 1999-00 | എൽ.എഫ്.പി(8).1280/11/29.03.12 | മുഴുവൻ |
| 2000-01 | എൽ.എഫ്.പി(8).1284/11/8.2.10 | മുഴുവൻ |
| 2001-02 | എൽ.എഫ്.പി(8).90/06/20.1.10 | തുടർ നടപടി |
| 2002-03 | എൽ.എഫ്.പി(8).90/06/20.1.10 | തുടർ നടപടി |
| 2003-04 | എൽ.എഫ്.പി(8).90/06/20.1.10 | തുടർ നടപടി |
| 2004-05 | എൽ.എഫ്.പി(8).90/06/20.1.10 | തുടർ നടപടി |
| 2005-06 | എൽ.എഫ്.പി(8).90/06/20.1.10 | തുടർ നടപടി |
| 2006-07 | എൽ.എഫ്.പി(8).90/06/20.1.10 | തുടർനടപടി |
| 2007-08 | എൽ.എഫ്.പി(8).787/12/2.6.12 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി(8).788/12/2.6.12 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി(8).998/13/21.3.14 | റിപ്പോർട്ട് |
| 2010-11 | എൽ.എഫ്.പി(8).998/13/21.3.14 | റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി(8).1521/14/7.1.15 | ഫർദർ റിമാർക്സ് |
| 2012-13<br>2013-14 &2014-15 | നം.കെ.എസ്.എ.-പി .കെ.ഡി 8/1750/15/ 19.01.2016 | ഫർദർ റിമാർക്സ് |
| 2015-16 | നം.കെ.എസ്.എ.-പി .കെ.ഡി 8/614/17/20.5.17 | റിപ്പോർട്ട് |
| 2016-17 | നം. കെ എസ് എ പി കെ ഡി -8/2095/2017 തീയതി-24.11.2017 | റിപ്പോർട്ട് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. I&E അക്കൗണ്ടിൽ വാഹനങ്ങൾക്ക് മാത്രമാണ് Depreciation രേഖപ്പെടുത്തിയിട്ടുള്ളത്.
3. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ ഇവയുടെ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.
4. കരാറുകാരിൽ നിന്നും ഈടാക്കുന്ന റിടെൻഷൻ തുകകളുടെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
5. ബാങ്ക് റികൺസിലിയേഷൻ Manual ആയാണ് ചെയ്യുന്നത്. സാംഖ്യ സോഫ്റ്റ്‌വെയർ ഇതിനായി ഉപയോഗിക്കുന്നില്ല.
6. സാക്ഷരത അക്കൗണ്ടിന്റെ (PNB-1547) മുന്നിരിപ്പ്, വാർഷിക കണക്കിലും ചെക്ക് ഇഷ്യൂ രജിസ്റ്ററിലും വ്യത്യാസപ്പെട്ടു കാണുന്നു. ഈ അക്കൗണ്ട് 2017 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ Reconcile ചെയ്തിട്ടില്ല.
7. Union Bank – A/C No.4384 – വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. PNB (BRGF)- A/C No.114188 - സെപ്തംബർ മാസത്തെ Reconciltion നടത്തിയതിൽ പാസ്ബുക്ക് പ്രകാരമുള്ള തുകയായി ₹192,791/-ന് പകരം ₹189,296/- ആണ് എടുത്തിരിക്കുന്നത്.
9. SGSY അക്കൗണ്ടിന്റെ (Union Bank - 3322) മുന്നിരിപ്പ്, വാർഷിക കണക്കിലും ചെക്ക് ഇഷ്യൂ രജിസ്റ്ററിലും വ്യത്യാസപ്പെട്ടു കാണുന്നു. ഈ അക്കൗണ്ട് 2017 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, ഒക്ടോബർ, നവമ്പർ മാസങ്ങളിൽ Reconcile ചെയ്തിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2 വിവിധ പത്രികകൾ

| | | | |
|---|---|---|---|
| | Ottapalam Block Panchayat BALANCE SHEET | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 45263453.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 18523742.00 |
| | **Total Reserve & Surplus** | | **63787195.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 32380111.00 |
| | **Total Grants, Contributions for Specific Purposes** | | **32380111.00** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1128942.00 |
| 350000000 | Other Liabilities | B-9 | 4857.00 |
| 360000000 | Provisions | B-10 | 25000.00 |
| | **Total Current Liabilities and Provisions** | | **1158799.00** |
| | TOTAL LIABILITIES | | **97326105.00** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 50469076.00 |
| 411000000 | Accumulated Depreciation | B-11 | -567562.00 |
| 412000000 | Capital Work in Progress | B-11(a) | 3311355.00 |
| | **Total Fixed Assets** | | **53212869.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 10980719.00 |
| 450000000 | Cash and Bank Balance | B-17 | 32345967.00 |
| 460000000 | Loand, Advances and Deposits | B-18 | 786550.00 |
| | **Total Current Assets, Loans and Advances** | | **44113236.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | TOTAL ASSETS | | **97326105.00** |

| | |
|---|---|
| Ottapalam Block Panchayat INCOME & EXPENDITURE STATEMENT | |
| For the period from 01-April-2017 to 31-March-2018 | |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 26850.00 |
| 140000000 | Fee & User Charges | I-4(b) | 17704.00 |
| 150000000 | Sale & Hire Charges | I-5(b) | 33548.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 103905503.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 5409.00 |
| | **Total Income** | | **103989014.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2028033.00 |
| 220000000 | Administrative Expenses | I-11(b) | 811325.00 |
| 230000000 | Operations & Maintenance | I-12(b) | 5074891.00 |
| 240000000 | Interest & Finance Charges | I-13 | 6.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9413089.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 43972607.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 11430130.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 68568.00 |
| 255000000 | Maintenance Projects | I-14(e) | 4797510.00 |
| 272000000 | Depreciation | I-17(a) | 159434.00 |
| | **Total Expenditure** | | **77755593.00** |
| | **Gross Surplus/ Deficit of income over Expenditure** | | **26233421.00** |
| 280000000 | Prior Period Item | I-18 | 41052.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **26192369.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**Ottapalam Block Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 40503077.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 130000000 | Rental income from Panchayat | RP-3 | 26850.00 |

| | | | |
|---|---|---|---|
| | Properties | | |
| 140000000 | Fees & User Charges | RP-4 | 17704.00 |
| 150000000 | Sale & Hire Charges | RP-5 | 33548.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 72129884.00 |
| 171000000 | Interest Earned | RP-9 | 5409.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 33452716.00 |
| 350000000 | Other Liabilities | RP-36 | 457800.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 0.0 |
| 311000000 | Earmarked Funds | RP-29 | 1281826.00 |
| 340000000 | Deposits Received | RP-34 | 1067223.00 |
| 350000000 | Other Liabilities | RP-36 | 380.00 |
| 460000000 | Loans, Advances and Deposits | RP-47 | 1145254.00 |
| | **Grand total** | | **150121671.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2028033.00 |
| 220000000 | Administrative Expenses | RP-12 | 811325.00 |
| 230000000 | Operations & Maintenance | RP-13 | 1132981.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 9413089.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 43650690.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 10606996.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 68568.00 |
| 255000000 | Maintenance Projects | RP-20 | 4797510.00 |
| 280000000 | Prior Period item | RP-26 | 41052.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2131742.00 |
| 350000000 | Other Liabilities | RP-36 | 4430250.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 6.00 |
| 311000000 | Earmarked Funds | RP-29 | 1281826.00 |
| 340000000 | Deposits Received | RP-34 | 661730.00 |
| 350000000 | Other Liabilities | RP-36 | 215216.00 |
| 410000000 | Fixed Assets | RP-38 | 15226707.00 |
| 412000000 | Capital work in Progress | RP-40 | 8365460.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10980719.00 |
| 460000000 | Loans, Advances and Deposits | RP-47 | 1931804.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 32345967.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **150121671.00** |